## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1108** **12.06.2014 ൽ മറുപടിക്ക്**

## 'ഭൂരഹിതരില്ലാത്ത കേരളം 2015'

| ചോദ്യം: | മറുപടി : |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.വർക്കല കഹാർ | **ശ്രീ. അടൂർ പ്രകാശ്**<br>(ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 'ഭൂരഹിതരില്ലാത്ത കേരളം 2015' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) 2015 വർഷത്തോട് കൂടി കേരളത്തെ ഭൂരഹിത കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് ആവിഷ്കരിച്ചിട്ടുള്ള ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാംഘട്ടം പിന്നിട്ടു. പദ്ധതിയുടെ ഒന്നാംഘട്ട പട്ടയവിതരണം 14 ജില്ലകളിലുമായി പൂർത്തിയായിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) ഭൂരഹിതരായ കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ അനുയോജ്യമായ 3 സെന്റുവീതം സർക്കാർ ഭൂമി പതിച്ച് നൽകി ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയെന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) ഭൂരഹിതരായവർക്ക് നൽകാനുള്ള ഭൂമി കണ്ടെത്തുന്നതിനും അവ വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) സംസ്ഥാന ജില്ലാ താലൂക്ക് തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെല്ലുകളുടെ മേൽനോട്ടത്തിൽ ഫീൽഡ് പരിശോധനകൾ നടത്തി, അനുയോജ്യമായ മുഴുവൻ സർക്കാർ ഭൂമിയും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പദ്ധതിക്കുവേണ്ടി തെരഞ്ഞെടുക്കുന്ന ഭൂമി സർവ്വെ ചെയ്ത് പ്ലോട്ടുകൾ തിരിച്ച് ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. സുതാര്യമായ രീതിയിൽ പ്ലോട്ടുകൾ നറുക്കിട്ടെടുക്കുന്നതിനും പട്ടയരേഖ പ്രിന്റ് ചെയ്യുന്നതിനും, സി-ഡിറ്റ് മുഖാന്തിരം പ്രത്യേകം സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുമുണ്ട്. |
| (ഡി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ ഒരുക്കിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ഡി) അനുയോജ്യമായ സർക്കാർ ഭൂമികൾ മുഴുവൻ കണ്ടെത്തി ഭൂമി പതിവ് ചട്ടങ്ങൾ അനുശാസിക്കുംപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം പതിച്ച്കൊടുക്കുന്ന ഈ പദ്ധതി ഏകോപിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാനതലത്തിലും ജില്ലാ താലൂക്ക് തലങ്ങളിലും സ്പെഷ്യൽ സെല്ലുകൾക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത് ? | (ഇ) മിഷൻ 676-ൽ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിക്കായി പ്രത്യേക കർമ്മപരിപാടികൾ തയ്യാറാക്കിവരുന്നു. |

C.K.V. Kumar

സെക്ഷൻ ഓഫീസർ